2024
MARCH
04
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## എസ് എസ് എൽ സി പരീക്ഷ ഇന്ന് മുതൽ

**തിരുവനന്തപുരം:** എസ്.എസ്.എൽ.സി പരീക്ഷ സുഗമമായി നടത്തുന്നതിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരളം, ലക്ഷദ്വീപ്, ഗൾഫ് എന്നീ മേഖലകളിലെ 2,971 പരീക്ഷാ കേന്ദ്രങ്ങളിലായി 4,27,105 വിദ്യാർത്ഥികളാണ് ഇത്തവണ പരീക്ഷ എഴുതുന്നത്. കേരളത്തിൽ 2955, ഗൾഫ് മേഖലയിൽ ഏഴ്, ലക്ഷദ്വീപിൽ ഒമ്പത് എന്നിങ്ങനെയാണ് പരീക്ഷാകേന്ദ്രങ്ങൾ.

പുതിയ അദ്ധ്യയനവർഷത്തേക്കുള്ള പാഠപുസ്തക വിതരണം മാർച്ച് 12ന് ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. രണ്ട്, നാല്, ആറ്, എട്ട്, പത്ത് ക്ലാസ്സുകളിലെ കുട്ടികൾക്ക് ആവശ്യമായ 1,43,71,650 പാഠപുസ്തകങ്ങളുടെ അച്ചടിപൂർത്തിയായി. ഈ പാഠപുസ്തകങ്ങളിൽ ഇംഗ്ലീഷ് മീഡിയം, തമിഴ് മീഡിയം, കന്നഡ മീഡിയം എന്നിവ ഉൾപ്പെടും. ഇതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം മാർച്ച് 12ന് തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടക്കും. പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസ്സുകളിലെ കുട്ടികൾക്ക് ആവശ്യമായ 2,09,72,250 പാഠപുസ്തകങ്ങളുടെ അച്ചടി മെയ് മാസം ആദ്യ ആഴ്ച പൂർത്തിയാകും. വിതരണോദ്ഘാടനം മെയ് പത്തിനുള്ളിൽ നടക്കും.

പഠനോത്സവത്തിൽ തുടങ്ങി പ്രവേശനോത്സവം വരെ എത്തുന്ന വിപുലമായ വിദ്യാലയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടാണ് വിദ്യാലയങ്ങളിൽ ഇത്തവണ പഠനോത്സവം സംഘടിപ്പിക്കാൻ ഒരുങ്ങുന്നത്. സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 11ന് തിരുവനന്തപുരം പൂജപ്പുര യു.പി.എസ്സിൽ നടക്കും.

സ്റ്റാർസ് പദ്ധതി ആരംഭിച്ചിട്ടുള്ള സംസ്ഥാനങ്ങളുടെ ഡീസെൻട്രലൈസിഡ് പ്ലാനിംഗ് ആന്റ് ഫിനാൻഷ്യൽ മാനേജ്മെന്റ് വർക്ക്ഷോപ്പ് മാർച്ച് ആറ് മുതൽ എട്ട് വരെ കേരളത്തിൽ നടക്കും. സ്റ്റാർസ് പദ്ധതി നിലവിലുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നുള്ള പ്രതിനിധികളും കേരളത്തിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കുന്ന വർക്ക്ഷോപ്പ് തിരുവനന്തപുരത്താണ് സംഘടിപ്പിക്കുന്നത്.

## ജിഎസ്ടി വരുമാനത്തിൽ വൻ കുതിപ്പ്

### ഫെബ്രുവരിയിലെ ജിഎസ്ടി കളക്ഷൻ 12.5 ശതമാനം വർധിച്ച് 1,68,337 കോടി രൂപയായി

**കൊച്ചി:** കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ വർഷത്തെ ശരാശരി ചരക്ക് സേവന നികുതി വരുമാനത്തിൽ വളർച്ച. 2023 24 സാമ്പത്തിക വർഷത്തിലെ ആദ്യത്ത 11 മാസത്തെ ശരാശരി ജിഎസ്ടി കളക്ഷൻ 1.67 ലക്ഷം കോടി രൂപയാണ്. അതേസമയം, 202223 ലെ കളക്ഷൻ 1.5 ലക്ഷം കോടി രൂപയായിരുന്നു. ഈ വർഷം ഫെബ്രുവരിയിലെ ജിഎസ്ടി കളക്ഷൻ 12.5 ശതമാനം വർധിച്ച് 1,68,337 കോടി രൂപയായി.




ആഭ്യന്തര ഇടപാടുകളിലെ ജിഎസ്ടി വരുമാനം 13.9 ശതമാനമായി ഉയർന്നു. ചരക്കുകളുടെ ഇറക്കുമതിയിൽ നിന്നുള്ള ജിഎസ്ടി വരുമാനം 8.5 ശതമാനമായി വർദ്ധിച്ചു. റീഫണ്ടുകൾ കൊടുത്തതിന് ശേഷം, ഫെബ്രുവരി മാസത്തെ ജിഎസ്ടി കളക്ഷൻ 1.51 ലക്ഷം കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിനെക്കാൾ 13.6 ശതമാനം കൂടുതലാണ്.

202324 ജിഎസ്ടി വരുമാനത്തിൽ തുടർച്ചയായ വളർച്ചയുണ്ടായതായി ധനമന്ത്രാലയം അറിയിച്ചു. 202324 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിലെ ജിഎസ്ടി കളക്ഷൻ 18.40 ലക്ഷം കോടി രൂപയായിരുന്നു. ഇത് 202223 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 11.7 ശതമാനം കൂടുതലാണ്.

## സ്വതന്ത്ര വ്യാപാര കരാർ: ഇന്ത്യ നിലപാട് മാറ്റും

**കൊച്ചി:** സ്വതന്ത്രവ്യാപാര കരാറുകളിൽ കേന്ദ്ര സർക്കാർ പുനർവിചിന്തനം നടത്തുന്നു. ലോകത്തിലെ മുൻനിര സാമ്പത്തിക ശക്തിയായി വളരുന്ന ഇന്ത്യയുടെ കരുത്ത് ആഗോളതലത്തിൽ മെച്ചപ്പെട്ടതോടെ ഉഭയ കക്ഷി വ്യാപാരങ്ങളിൽ രാജ്യത്തിൻറെ വ്യവസായ,കാർഷിക മേഖലകളുടെ താത്പര്യങ്ങൾ ബലി കഴിക്കാതെ കയറ്റുമതി മെച്ചപ്പെടുത്താനാണ് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതെന്നാണ് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ നിലപാട്. ലോകത്തിലെ ഏറ്റവും വലിയ ഉപഭോഗ, ഉത്പാദന ഹബായി ഇന്ത്യ അതിവേഗം മാറുന്നതിനാൽ ആഗോള കമ്പനികൾ ഇവിടെ നിക്ഷേപം നടത്താനും വിപണി സാധ്യതകൾ ഉപയോഗപ്പെടുത്താനുമാണ് നിലവിൽ താത്പര്യം പ്രകടിപ്പിക്കുന്നത്. അതിനാൽ പുതിയ സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പിടുമ്പോൾ ഇന്ത്യയുടെ മാറിയ സ്റ്റാറ്റസ് കൂടി കണക്കിലെടുത്തുള്ള ചർച്ചകൾക്ക് മാത്രമേ പ്രസക്തിയുള്ളെന്ന് വാണിജ്യ മന്ത്രാലയത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.



ഇന്ത്യയുടെ സാമ്പത്തിക താത്പര്യങ്ങൾ ബലികഴിച്ച് വിവിധ രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവയ്ക്കില്ലെന്ന് വാണിജ്യ മന്ത്രി പീയുഷ് ഗോയൽ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഒപ്പുവച്ച സ്വതന്ത്ര വ്യാപാര കരാറുകൾ രാജ്യത്തെ വ്യാപാര, ഉത്പാദന മേഖലകൾക്ക് പ്രതികൂലമായ സാഹചര്യത്തിലാണ് പുതിയ തീരുമാനം. യു.കെ, യൂറോപ്യൻ യൂണിയൻ എന്നിവരുമായുള്ള വ്യാപാര കരാറുകൾ ഇതോടെ അനിശ്ചിതമായി നീളുകയാണ്. വ്യാപാര ഇടപാടുകളിൽ സന്തുലിതവും സുതാര്യവുമായ നയങ്ങളില്ലെങ്കിൽ രാജ്യത്തിൻറെ താത്പര്യങ്ങൾ ബലികഴിക്കപ്പെടുമെന്ന് വാണിജ്യ മന്ത്രി പറയുന്നു തിടുക്കത്തിൽ നടത്തുന്ന വ്യാപാര ധാരണകൾ വർഷങ്ങളോളം രാജ്യത്തിൻറെ വളർച്ചയെ ബാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

യുകെ, യൂറോപ്യൻ യൂണിയൻ എന്നിവയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ 2022 ൽ യാഥാർഥ്യമാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വൈദ്യുതി വാഹനങ്ങളുടെയും വിസ്കിയുടെയും ആഡംബര കാറുകളുടെയും ഇറക്കുമതി തിരുവ കുറയ്ക്കുന്നതിന് വേണ്ടിയുള്ള ഇവരുടെ കടുംപിടിത്തം മൂലം കരാർ അനിശ്ചിതമായി വൈകുകയാണ്. യൂറോപ്പിലെ വിപുലമായ കയറ്റുമതി സാധ്യതകൾ ഉപയോഗപ്പെടുത്താൻ കരാർ ഇന്ത്യയെ സഹായിക്കുമെങ്കിലും ഇറക്കുമതി നികുതി കുറച്ചാൽ ആഭ്യന്തര കമ്പനികൾ തിരിച്ചടി നേരിടുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ വിട്ടുവീഴ്ച നടത്തിയിട്ടില്ല. ഇന്ത്യയിൽ നിന്നുള്ള സ്റ്റീൽ, ഇരുമ്പയിര്, സിമൻറ് തുടങ്ങിയ ഉത്പന്നങ്ങൾക്ക് കാർബൺ നികുതി ഏർപ്പെടുത്താനുള്ള യൂറോപ്യൻ യൂണിയൻറെ തീരുമാനത്തിനെതിരേ ലോക വ്യാപാര സംഘടനയുടെ അബുദാബി യോഗത്തിൽ ഇന്ത്യ പ്രതിഷേധം അറിയിക്കുമെന്നും വാണിജ്യ മന്ത്രാലയം വൃത്തങ്ങൾ പറയുന്നു.



# രക്താർബുദത്തെ അതിജീവിച്ചവർ ഒത്തുകൂടി

**കൊച്ചി:** മജ്ജമാറ്റിവെയ്ക്കലിലൂടെ രക്താർബുദത്തെ അതിജീവിച്ച് ജീവിതത്തിലേക്ക് സധൈര്യം മടങ്ങി വന്ന മനുഷ്യർ, പ്രത്യാശകളും അനുഭവകഥകളും പങ്കുവെച്ച് ആസ്റ്റർ മെഡ്സിറ്റി കാമ്പസിൽ ഒത്തുകൂടി. കാൻസറിനോട് ധീരമായി പൊരുതി മറ്റുള്ള രോഗികൾക്ക് പ്രചോദനമായി മാറിയ മനുഷ്യരുടെ അതിജീവനകഥകൾ പറയുന്ന 'കാൻസ്പയർ' പുസ്തകത്തിന്റെ മൂന്നാം പതിപ്പും ചടങ്ങിൽ പുറത്തിറക്കി.

ശ്രീകണ്ഠൻ നായരായിരുന്നു വിശിഷ്ടാതിഥി. മജ്ജമാറ്റിവെക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള നിർധനർക്ക് ചികിത്സാസഹായം സ്വരൂപിക്കാൻ മുൻകൈയെടുക്കുന്ന വിവിധ ജില്ലകളിൽ നിന്നുള്ള സാമൂഹിക പ്രവർത്തകരും ചടങ്ങിന്റെ ഭാഗമായി. പദ്ധതിയിൽ സജീവമായി പ്രവർത്തിക്കുന്ന അംഗങ്ങളെ ആസ്റ്റർ മെഡ്സിറ്റി ആദരിച്ചു. കാൻസറിന്റെ പിടിയിൽ നിന്ന് മോചിതരായ വ്യക്തികൾ അവതരിപ്പിച്ച കലാപരിപാടികളായിരുന്നു പരിപാടിയുടെ പ്രധാന ആകർഷണം. നൃത്തവും പാട്ടുമെല്ലാമായി അവർ കളം നിറഞ്ഞത് പ്രതീക്ഷാനിർഭരമായ കാഴ്ചയായിരുന്നു. അവർ പങ്കുവെച്ച അനുഭവങ്ങൾ കാൻസറിനോടുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ വലിയ മാറ്റങ്ങൾ വരുന്നതിന്റെ സൂചനയായി.കാൻസ്പയർ പുസ്തകത്തിന്റെ മൂന്നാം എഡിഷനിൽ 13 ഡോക്ടർമാരുടെ ചികിത്സാഅനുഭവങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 15 കഥകളാണ് പുതിയ പതിപ്പിൽ. ആസ്റ്റർ മെഡ്സിറ്റിയിലെ അർബുദചികിത്സാവിഭാഗം ഡോക്ടർമാരുടെയും ജീവനക്കാരുടെയും മറ്റ് കാണികളുടെയും സാന്നിധ്യത്തിൽ മുതിർന്ന മാധ്യമപ്രവർത്തകൻ ശ്രീകണ്ഠൻ നായരാണ് പുസ്തകം പ്രകാശനം ചെയ്തത്. എല്ലാം അവസാനിച്ചുവെന്ന് കരുതി കീഴടങ്ങേണ്ട രോഗമല്ല കാൻസറെന്നും കൃത്യമായ ചികിത്സയും മനക്കരുത്തും കൊണ്ട് അതിജീവിക്കാൻ കഴിയുന്ന ഒരു അവസ്ഥയാണതെന്നും ശ്രീകണ്ഠൻ നായർ പറഞ്ഞു.

ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി ഹെമറ്റോ ഓങ്കോളജി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. രാമസ്വാമി എൻവി, ഹെഡ് ആൻഡ് നെക്ക് സർജിക്കൽ ഓങ്കോളജി കൺസൽട്ടന്റ് ഡോ. സന്തോഷ് കുമാർ എൻ, ഹെമറ്റോളജി വിഭാഗം കൺസൽട്ടന്റ് ഡോ. ദീപക് ചാൾസ്, ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ എന്നിവരും ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി വിഭാഗം ഡോക്ടർമാരും ജീവനക്കാരും അടക്കമുള്ളവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ട്യൂൺകോർ ഗ്രാന്റ് ദക്ഷിണേന്ത്യയിലേയ്ക്ക്

**കൊച്ചി:** സെൽഫ്റിലീസിംഗ് സംഗീത കലാകാരന്മാർക്കുള്ള റിലീസിംഗ് പ്ലാറ്റ്ഫോമായ ട്യൂൺകോർ നടത്തുന്ന ട്യൂൺകോർ ഗ്രാന്റ് പ്രോഗ്രാം മൂന്നാമത് പതിപ്പോടെ ദക്ഷിണന്ത്യയിലേയ്ക്കും. പാരീസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഗോള ഡിജിറ്റൽ മ്യൂസിക് കമ്പനിയായ ബിലീവിന്റെ ഉടമസ്ഥതയിലുള്ള ട്യൂൺകോർ ഈ പതിപ്പിന്റെ ഭാഗമായി മലയാളം, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലെ ഓരോ സംഗീത കലാകാരന്മാർക്കും ഒരു ലക്ഷം രൂപ വീതം ക്യാഷ് എൻഡോവ്മെന്റും നൽകും. ഇതിനുള്ള എൻട്രികൾ മാർച്ച് 1 മുതൽ 31 വരെയുള്ള തീയതികളിൽ ട്യൂൺകോറിന്റെ www.tunecore.com എന്ന വെബ്സൈറ്റിൽ സ്വീകരിക്കും.സംഗീത കലാകാരന്മാർക്ക് അവർ തനിച്ചു പാടിയതോ കംപോസ് ചെയ്തതോ ആയ ഒരു ഗാനം (സിംഗിൾ) എൻട്രിയായി നൽകാം. സംഗീതസംവിധായകരായ സാം സി എസ്, ജിബ്രാൻ, പാട്ടെഴുത്തുകാരിയും ഗായികയുമായ നേഹ നായർ, ഹെഡ് ഓഫ് ആർടിസ്റ്റ് ആൻഡ് ലേബൽ പാർട്ണർഷിപ്പ് പത്മനാഭൻ എൻ എസ് എന്നിവരടങ്ങുന്ന ജൂറി ജേതാക്കളെ തെരഞ്ഞെടുക്കും.ഉയർന്നു വരുന്ന സ്വതന്ത്ര കലാകാരന്മാർക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനായി 2022ൽ ആരംഭിച്ച പരിപാടിയാണ് ട്യൂൺകോർ ഗ്രാന്റ്. രണ്ടു പതിപ്പിലായി ഇതുവരെ 300ഓളം കലാകാരന്മാർ ഇതിൽ പങ്കെടുത്തു.തങ്ങളുടെ ഭാഷകളിലെ ഗാനങ്ങളുമായി ഒട്ടേറെ ദക്ഷിണേന്ത്യൻ ഗായകർ രംഗത്തു വരുന്നുണ്ടെന്ന് ട്യൂൺകോർ ഹെഡ്, സൗത്ത് ഏഷ്യ അഖില ശങ്കർ പറഞ്ഞു. ട്യൂൺകോർ ഗ്രാന്റ് പഞ്ചാബിക്ക് തുടക്കം കുറിച്ചപ്പോൾ പഞ്ചാബിയിൽ ട്യൂൺകോറിലൂടെ ഗാനങ്ങൾ അവതരിപ്പിക്കുന്നവരുടെ എണ്ണത്തിൽ 40% വർധനയുണ്ടായി. ഓരോ പതിപ്പ് കഴിയുന്തോറും കൂടുതൽ കലാകാരന്മാരെ രംഗത്തെത്തിയ്ക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. വ്യത്യസ്ത ഭാരതീയ ഭാഷകളിലുള്ള ആവിഷ്കാരങ്ങൾ ഇന്ത്യയുടെ വൈവിധ്യമാർന്ന സംസ്കാരത്തിന്റെ വളർച്ചയ്ക്ക് ഏറെ സംഭാവന നൽകുമെന്നും അഖില ശങ്കർ പറഞ്ഞു.

രാജ്യത്ത് ട്യൂൺകോറിലൂടെ 25ലേറെ ഭാഷകളിൽ സംഗീത പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. ഈ വർഷം ഏറെ റിലീസുകൾക്ക് സാക്ഷ്യം വഹിച്ച ഭാഷകൾ എന്ന നിലയിലാണ് തെലുങ്ക്, തമിഴ്, മലയാളം, കന്നഡ എന്നീ ഭാഷകളെ ഈ പതിപ്പിനു തെരഞ്ഞെടുത്തത്. പ്രാദേശികമായ സംഗീത സംസ്കാരം ലോകമെങ്ങും എത്തിക്കുകയെന്നതാണ് തങ്ങളുടെ ആഗോള പരിപാടിയെന്ന് ട്യൂൺകോർ വിപി ഇന്റർനാഷനൽ താഷ് ഷാ പറഞ്ഞു. ഇതിന്റെ പശ്ചാത്തലത്തിലാണ് ട്യൂൺകോർ ഗ്രാന്റിന്റെ ദക്ഷിണേന്ത്യൻ പ്രവേശനം. താഴേത്തട്ടിലെ സാമ്പത്തിക പിന്തുണ ഈ മേഖലയ്ക്ക് ഏറെ ഗുണം ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്, അദ്ദേഹം പറഞ്ഞു.

ലോകമെങ്ങുമുള്ള പ്രാദേശിക ഭാഷകളിൽ പാടുന്നവരെ പ്രോത്സാഹിപ്പിക്കുകയെന്നതാണ് ബിലീവിന്റെ നയമെന്ന് ബിലീവ് ഇന്ത്യാ ആൻഡ് സൗത്ത് ഏഷ്യ മാനേജിംഗ് ഡയറക്ടർ വിവേക് റെയ്ന പറഞ്ഞു. നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സ്വതന്ത്ര സംഗീത മേഖല വളരുമ്പോൾ ഞങ്ങളുടെ ശൃംഖലകളിലൂടെയും പരിപാടികളിലൂടെയും അവർക്ക് പ്രോത്സാഹനങ്ങൾ നൽകാനാണ് ബിലീവ് ലക്ഷ്യമിടുന്നത്, അദ്ദേഹം പറഞ്ഞു.

ട്യൂൺകോർ ഗ്രാന്റ് സൗത്ത് ഇന്ത്യയിലേയ്ക്ക് എൻട്രികൾ സമർപ്പിക്കുന്നതു സംബന്ധിച്ചും മറ്റുമുള്ള വിശദവിവരങ്ങൾ ട്യൂൺകോറിന്റെ വെബ്സൈറ്റിലും @tunecore.ind എന്ന ഇൻസ്റ്റഗ്രാം പേജിലും ലഭിക്കും. എല്ലാ വിഭാഗങ്ങളിലും പെട്ട പാട്ടുകാർക്ക് പങ്കെടുക്കാം.

അതത് ഭാഷയിൽ പാടിയ ഒരു സിംഗ്ൾ ഗാനമാണ് സമർപ്പിക്കേണ്ടത്.

## 'ടെലികോം കമ്പനി ഓഫ് ദ ഇയർ' പുരസ്കാരവുമായി ജിയോ

**മുംബൈ/കൊച്ചി:** 2024ലെ ഏഷ്യൻ ടെലികോം അവാർഡിൽ 'ടെലികോം കമ്പനി ഓഫ് ദ ഇയർ' പുരസ്കാരം നേടി ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ്. സിംഗപ്പൂരിലെ മറീന ബേ സാൻഡ്സ് എക്സ്പോ ആൻഡ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിച്ചത്.ലോകത്തിലെ ഏറ്റവും വലിയ 5ജി സ്റ്റാൻഡ്എലോൺ കോർ നെറ്റ്വർക്ക് വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡ് ലഭിച്ചത്. ഈ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ധ്യത്തിലൂടെയും നൂതനമായ പരിഹാരങ്ങളിലൂടെയും ആഗോള കണക്റ്റിവിറ്റിയെ നയിക്കുന്നതിനുള്ള ജിയോയുടെ പ്രതിബദ്ധത വ്യക്തമാക്കുന്നു. ഒപ്പം ഡിജിറ്റൽ മേഖലയെ പരിവർത്തനം ചെയ്യുന്നതിലെ ജിയോയുടെ നേതൃത്വം, ദീർഘവീക്ഷണം, എൻജിനീയറിംഗ് കഴിവുകൾ എന്നിവയെയും പ്രതിഫലിപ്പിക്കുന്നുവെന്നും ജിയോ അധികൃതർ വ്യക്തമാക്കി.



## ഐഐഎം സമ്പൽപൂരിൽ ഐഹബ് ഇൻകുബേറ്റർ ആരംഭിച്ചു

**കൊച്ചി:** ഐഐഎം സമ്പൽപൂരിൽ ആരംഭിച്ച ഫിസിക്കൽ & വെർചൽ ഇൻകുബേറ്റർ ഐഹബ് കേന്ദ്ര വിദ്യാഭ്യാസ, ശേഷി വികസന, സംരംഭകത്വ മന്ത്രി ധർമേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്തു. ടെക്സ്റ്റൈൽസ്, കലയും സംസ്കാരവും, കൃഷി, ആരോഗ്യ സേവനം, സാമ്പത്തികഡിജിറ്റൽ ഉൾപ്പെടുത്തൽ, ട്രൈബൽ മേഖലയിലെ സംരംഭകത്വം, സുസ്ഥിരത തുടങ്ങി വിവിധ മേഖലകളിലെ പുതുമയുള്ള സംരംഭങ്ങളെ വളർത്തിയെടുക്കുന്നതിനും പിന്തുണക്കുന്നതിനും ഐഹബ് ഫൗണ്ടേഷൻ മുഖ്യപങ്കു വഹിക്കും. സെക്ഷൻ എട്ടു പ്രകാരമുള്ള രജിസ്ട്രേഡ് കമ്പനിയായാണ് ഇതു സ്ഥാപിച്ചിരിക്കുന്നത്. ഏകദിന 100 ക്യൂബ് സ്റ്റാർട്ട്അപ്പ് കോൺക്ലേവിനോടൊപ്പമാണ് ഇതിനും തുടക്കം കുറിച്ചത്. ഐഐഎം മുംബൈയും ഐഐഎം സമ്പൽപൂരും ചേർന്ന് ഒഡിഷയിലെ ആങ്കുലിൽ ആരംഭിക്കുന്ന മാനേജ്മെന്റ് വിദ്യാഭ്യാസ കേന്ദ്രത്തിനായുള്ള ധാരണാ പത്രവും ഇതിനോടനുബന്ധിച്ച് ഒപ്പു വെച്ചു.

## എൻഎസ്ഇയിലെ രജിസ്ട്രേഡ് നിക്ഷേപകരുടെ എണ്ണം 9 കോടി കടന്നു

**കൊച്ചി:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലെ രജിസ്ട്രേഡ് നിക്ഷേപകരുടെ എണ്ണം 9 കോടി കടന്നു. 2024 ഫെബ്രുവരി 29 ലെ കണക്കു പ്രകാരം പാൻ അടിസ്ഥാനമായുള്ള നിക്ഷേപകരുടെ എണ്ണമാണിത്. ആകെ അക്കൗണ്ടുകൾ 16.9 കോടിയാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു.



ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്തൃ രജിസ്ട്രേഷനുകളുടെ എണ്ണമാണ് 16.9 കോടി.ഒരു ഉപഭോക്താവിന് എന്നിലേറെ ട്രേഡിങ് അക്കൗണ്ടുകൾ ആരംഭിക്കാനാവും.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നിക്ഷേപകരുടെ എണ്ണം വർധിച്ചു വരികയായിരുന്നു എങ്കിലും 6 കോടി നിക്ഷേപകരിൽ നിന്ന് ഏതാണ്ട് ഒൻപതു മാസം കൊണ്ട് 7 കോടി നിക്ഷേപകർ എന്ന നിലയിലെത്തി, അടുത്ത 1 കോടി പേർ എട്ടു മാസം കൊണ്ടാണ് എത്തിയത്. 8 കോടിയിൽ നിന്ന് 9 കോടിയിലെത്തിയത് വെറും അഞ്ചു മാസം കൊണ്ടാണ്. 2023 ഒക്ടോബറിനു ശേഷം എത്തിയ പുതിയ നിക്ഷേപകരിൽ 42 ശതമാനം ഉത്തരേന്ത്യയിൽ നിന്നായിരുന്നു. 28 ശതമാനം പേർ പശ്ചിമ ഇന്ത്യയിൽ നിന്നും 17 ശതമാനം പേർ ദക്ഷിണേന്ത്യയിൽ നിന്നും ആയിരുന്നു. കിഴക്കേ ഇന്ത്യയിൽ നിന്ന് 13 ശതമാനം പേരാണുള്ളത്. ഉത്തർ പ്രദേശും മഹാരാഷ്ട്രയുമാണ് ഏറ്റവും കൂടുതൽ പുതിയ നിക്ഷേപകരെ സംഭാവന ചെയ്തത്.കെവൈസി പ്രക്രിയകൾ ലളിതമാക്കിയതും സാമ്പത്തിക സാക്ഷരതയും നിക്ഷേപകരുടെ വരവ് വേഗത്തിലാക്കിയ ഘടകങ്ങളിൽ ഉൾപ്പെടുന്നു എന്ന് എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫിസർ ശ്രീറാം കൃഷ്ണൻ പറഞ്ഞു.



# ജോയ് ഇബൈക്ക് ജാർഖണ്ഡിൽ പുതിയ അസംബ്ലി ലൈൻ തുറന്നു

**കൊച്ചി:** ജോയ് ഇബൈക്ക് ഇലക്ട്രിക് ഇരുചക്രവാഹനങ്ങളുടെയും ജോയ് ഇറിക്ക് ത്രീവീലറുകളുടെയും നിർമാതാക്കളായ ഇന്ത്യയിലെ മുൻനിര വൈദ്യുത വാഹന നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് & മൊബിലിറ്റി ലിമിറ്റഡ് (ഡബ്ല്യുഐഎംഎൽ) ജാർഖണ്ഡിലെ ദിയോഘറിൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കായുള്ള പുതിയ അസംബ്ലി ലൈൻ തുറന്നു.

ഗോഡ്ഡ മണ്ഡലത്തിൽ നിന്നുള്ള ലോക്സഭാംഗം ഡോ. നിഷികാന്ത് ദുബെ, ഡബ്ല്യുഐഎംഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ, ഡബ്ല്യുഐഎംഎൽ പ്രൊഡക്ഷൻ വൈസ് പ്രസിഡൻറ് അലോക് ജംദാർ തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടനം.ആദ്യഘട്ടത്തിൽ വർഷം ഇരുപതിനായിരം യൂണിറ്റുകളുടെ നിർമാണ ശേഷിയോടെയാണ് പ്ലാൻറ് പ്രവർത്തനമാരംഭിക്കുന്നത്. ജാർഖണ്ഡ്, ബീഹാർ, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ഒഡീഷ, വടക്കുകിഴക്കൻ മേഖലകൾ എന്നിവയുൾപ്പെടെയുള്ള വിപണികളിലുടനീളം ഇലക്ട്രിക് ഇരുചക്രവാഹനങ്ങളുടെ വർധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ഈ പ്ലാൻറിന് സാധിക്കും. നേപ്പാളിലേക്കുള്ള കയറ്റുമതി ആവശ്യം നിറവേറ്റാനും ഈ പ്ലാൻറ് ഉപകരിക്കും. തൊഴിലവസരങ്ങൾക്ക് പുറമേ, വിവിധ വകുപ്പുകളിലായി ആളുകൾക്ക് പ്രത്യേക പരിശീലനം നൽകാനുള്ള പുതിയ സൗകര്യവും ഈ അംസംബ്ലി ലൈനിലുണ്ടാകും. വടക്കൻ, കിഴക്കൻ മേഖലകൾ ഇലക്ട്രിക് ഇരുചക്രവാഹനങ്ങളുടെ വളരെ പ്രധാനപ്പെട്ട വിപണിയാണെന്നും വരുന്ന രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ ഇലക്ട്രിക് ഇരുചക്ര വാഹന വിൽപനയിൽ ഗണ്യമായ വർധനവാണ് കമ്പനി ലക്ഷ്യമിടുന്നതെന്നും വാർഡ് വിസാർഡ് ഇന്നൊവേഷൻസ് & മൊബിലിറ്റി ലിമിറ്റഡിൻറെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു. ഇന്ത്യയിൽ ഇലക്ട്രിക് മൊബിലിറ്റി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനായി ജാർഖണ്ഡിലെ ദിയോഘറിൽ ഒരു അസംബ്ലി ലൈനോടെ പുതിയ ഫെസിലിറ്റി ഉദ്ഘാടനം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വാക്സിൻ നയ രൂപീകരണം സർക്കാരിൻെറ പരിഗണനയിൽ: മന്ത്രി വീണാ ജോർജ്

**ചെന്നീർക്കര:** വാക്സിൻ നയരൂപീകരണം സംസ്ഥാന സർക്കാരിൻറെ പരിഗണനയിലാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. അഞ്ചു വയസിന് താഴെയുള്ള കുഞ്ഞുങ്ങൾക്കായുള്ള പൾസ് പോളിയോ ഇമ്യൂണൈസേഷൻ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ചെന്നീർക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഇത് സംബന്ധിച്ച് നടത്തിയ പഠനറിപ്പോർട്ടുകൾ ആരോഗ്യവകുപ്പ് പരിശോധിച്ച് വരികയാണെന്നും മന്ത്രി പറഞ്ഞു.ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിൻറെ ഭാഗമായി 30 വയസിനു മുകളിലുള്ള എല്ലാവർക്കും വാർഷിക ആരോഗ്യ പരിശോധന സർക്കാർ ശിപാർശ ചെയ്യുന്നുണ്ട്. ഇതിൻറെ ഭാഗമായി ആശാപ്രവർത്തകർ ഭവനസന്ദർശനം നടത്തി ശൈലീ ആപ്പ് വഴി വിവരശേഖരണം നടത്തിവരുന്നു.



ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജെ. ഇന്ദിരാദേവി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. വി. മീനാക്ഷി വിഷയാവതരണം നടത്തി.

ജില്ലാ കളക്ടർ എ. ഷിബു, ജില്ലാ പഞ്ചായത്തംഗം ഓമല്ലൂർ ശങ്കരൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, സ്റ്റേറ്റ് മാസ് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ കെ.എൻ. അജയ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ. അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ജില്ലാ മെഡിക്കൽ ഓഫീസ് ആർസിഎച്ച് ഓഫീസർ കെ.കെ. ശ്യാംകുമാർ, ചെന്നീർക്കര കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ആർ.എം. ബിജു, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# ഐ ഐ എ സംസ്ഥാന പുരസ്കാര സംഗമം തുടങ്ങി

**കൊല്ലം :** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് (ഐ ഐ എ) സംസ്ഥാന പുരസ്കാര സംഗമം കൊല്ലത്ത് ആരംഭിച്ചു. കൊല്ലം ശ്രീ നാരായണ ഗുരു കൾച്ചറൽ കോംപ്ലക്സിൽ ഐ.ഐ.എ കേരള ചാപ്റ്റർ ചെയർമാൻ വിനോദ് പി.സിറിയക്ക് ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ എണ്ണൂറിലേറെ ആർക്കിടെക്റ്റുമാരാണ് രണ്ടുദിവസത്തെ സംഗമത്തിൽ പങ്കെടുക്കുന്നത്. മികച്ചനിർമ്മിതികൾക്കുള്ള പുരസ്കാര ത്തിനായ തെരഞ്ഞടുപ്പ് ഞായറാഴ്ച പൂർത്തിയാക്കും. അതിനായുള്ള പ്രോജക്ട് പ്രസന്റേഷൻആരംഭിച്ചു. ഇത്തവണ അവാർഡിനായി 352 എൻട്രികളാണ് ഉണ്ടായിരുന്നത്. അതിൽനിന്ന് തെരഞ്ഞെടുക്കപെട്ട 56 എൻട്രികളുടെ അവതരണത്തിന് ശേഷം 16 കാറ്റഗറികളിലാണ് പുരസ്കാരം നൽകുക. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള 9 അംഗ ജ്യൂറിയാണ് വിജയികളെ നിശ്ചയിക്കുക. ഞായറാഴ്ച വൈകിട്ട് ആറിനാണ് അവാർഡ് പ്രഖ്യാപനവും വിതരണവും. എം.മുകേഷ് എം.എൽ.എ മുഖ്യാതിഥിയായി പങ്കെടുക്കും.ടൈം 100 നെക്സ്റ്റ് പട്ടികയിൽ ഇടം നേടിയ മലയാളി ആർക്കിടെക്ട് വിനു ഡാനിയേലിനെ ചടങ്ങിൽ ആദരിക്കും. ഐ.ഐ.എദേശീയ ട്രഷറർ ബി. സുധീർ പങ്കെടുക്കും. കലാ സാംസ്കാരി പരിപാടികളും ഉണ്ടായിരിക്കും. കേരളീയ വാസ്തുകല ആഗോളതലത്തിലേക്ക് ചിത്രീകരിക്കാൻ കഴിയുന്ന തരത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്.ഐ.ഐ.എ കൊല്ലം സെന്ററിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിപാടിയുടെ ഉദ്ഘാടന ചടങ്ങിൽ പ്രാഥമികമായിതെരഞ്ഞെടുക്കപെട്ട എൻട്രികളടങ്ങുന്ന പുസ്തകത്തിൻറെ പ്രകാശനം മുൻ സംസ്ഥാന ചെയർമാൻ എൽ. ഗോപകുമാർനിർവഹിച്ചു. കൊല്ലം സെൻറർ ചെയർമാൻ പ്രശാന്ത് മോഹൻ, അവാർഡ് കൺവീനർ സുധീഷ് സുധർമ്മൻ, അംശ്വനാഥ്, സുബീഷ്, ജയകൃഷ്ണൻ, മോണോലിത്ത ചാറ്റർജി എന്നിവർ പങ്കെടുത്തു.

# പുതിയ പരസ്യ പ്രചാരണവുമായി പോളിക്യാബ്

**കൊച്ചി:** പ്രമുഖ ഇലക്ട്രിക്കൽ ഉത്പന്ന കമ്പനിയായ പോളിക്യാബ് പോളിക്യാബ് മാക്സിമ+ ഗ്രീൻ വയറിനായി പുതിയ ടെലിവിഷൻ പ്രചാരണം ആരംഭിച്ചു. ഉത്പന്ന നവീകരണം, ഉപഭോക്താവിൻറെ സുരക്ഷയോടുള്ള പോളികാബിൻറെ പ്രതിബദ്ധത, ഭവന സുരക്ഷ തുടങ്ങിയവയാണ് പുതിയ പ്രചാരണത്തിലൂടെ ചിത്രീകരിക്കുന്നത്. ഇലക്ട്രിക്കൽ രംഗത്തെ പ്രമുഖർ എന്ന നിലയിൽ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തങ്ങളുടെ ഉപഭോക്താക്കളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും പോളിക്യാബ് പ്രതിജ്ഞാബദ്ധമാണെന്ന് പോളികാബ് ഇന്ത്യ എക്സിക്യൂട്ടീവ് പ്രസിഡൻറും ചീഫ് ബിസിനസ് (എഫ്.എം.ഇ.ജി, പവർ ബി.യു) ഓഫീസറുമായ ഇഷ്വിന്ദർ സിങ് ഖുറാന പറഞ്ഞു.പോളികാബ് മാക്സിമ+ ഗ്രീൻ വയറിൻറെ പരസ്യ ചിത്രം മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ന്യൂസ് ചാനലുകളിലും പോളികാബ് ഇന്ത്യ സാമൂഹ്യ മാധ്യമങ്ങളിലും കാണാം.

# സി.ടി സ്കാനിങ്ങിന് ടെൻഡർ ക്ഷണിച്ചു

**പീരുമേട്:** താലൂക്കാശുപത്രിയിൽ ആർ.എസ്.ബി..വൈ, കാസ്പ്, ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ, ആരോഗ്യകിരണം എന്നീ വിഭാഗങ്ങളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് ചികിത്സാർത്ഥം ആവശ്യമായി വരുന്ന വിവിധ തരം സി.ടി സ്കാനിംഗുകൾ ചുരുങ്ങിയ നിരക്കിൽ ചെയ്ത് തരുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ടെസ്റ്റുകൾ, അവയുടെ നിരക്കുകൾ എന്നിവ ഉൾപ്പെടുത്തി മത്സരാടിസ്ഥാനത്തിൽ മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ ഫോമുകൾ മാർച്ച് 18 ന് ഉച്ചക്ക് 11 മണി വരെ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ലഭിക്കും. അന്നേദിവസം നാലുമണി വരെ ഫോമുകൾ സ്വീകരിക്കും. മാർച്ച് 19ന് രാവിലെ 11.30 ന് ടെൻഡർ തുറക്കും. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാണ്. ഫോൺ 04869 232424.



വിശ്വഹിന്ദു പരിഷത്ത് കേരള ഘടകത്തിന്റെ നേതൃത്വത്തിൽ പാവക്കുളം ക്ഷേത്രാങ്കണത്തിൽ സംഘടിപ്പിച്ച അയോധ്യ ശ്രീരാമാഭിഷേക തീർത്ഥ വിതരണം അക്കീരമൺ കാളിദാസഭട്ടതിരിപ്പാട് കാസർഗോഡ് നിന്നുള്ള പ്രതിനിധി ഭട്ടിന് നൽകി നിർവ്വഹിക്കുന്നു. വിജി തിമ്പി, സ്വാമിനി വിഷ്ണു പ്രിയാനന്ദപുരി എന്നിവർ സമീപം.

# ശ്രീരാമാഭിഷേക തീർത്ഥ വിതരണം ആരംഭിച്ചു

**കൊച്ചി:** വിശ്വഹിന്ദു പരിഷത്ത് കേരള ഘടകത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അയോധ്യ ശ്രീരാമാഭിഷേക തീർത്ഥ വിതരണം കലൂർ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രാങ്കണത്തിൽ ആരംഭിച്ചു. അക്കീരമൺ കാളിദാസഭട്ടതിരിപ്പാടിൽ നിന്നും കേരളത്തിലെ 37 സംഘജില്ലയിൽ നിന്നുള്ള കാര്യകർത്താക്കൾ ശ്രീരാമാഭിഷേക തീർത്ഥ ജലം ഏറ്റുവാങ്ങി. തീർത്ഥ ജല വിതരണത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം പിഎസ്‌സി മുൻ ചെയർമാൻ ഡോ. കെ.എസ് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.വിഎച്ച്പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി അധ്യക്ഷത വഹിച്ചു. സ്വാമി ആധ്യാത്മാനന്ദ, സ്വാമിനി വിഷ്ണു പ്രിയാനന്ദപുരി എന്നിവർ അനുഗ്രഹ പ്രഭാഷണവും യുവരാജ് ഗോകുൽ മുഖ്യപ്രഭാഷണവും നടത്തി. വിഎച്ച് പി സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ, ജോയിന്റ് സെക്രട്ടറി അബിനു സുരേഷ്, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ പ്രസന്ന ബാഹുലേയൻ,അഡ്വ. അനിൽ വിളയിൽ പാവക്കുളം ക്ഷേത്ര സമിതി പ്രസിഡന്റ് ടി. പങ്കജാക്ഷൻ തുടങ്ങിയവർ പ്രസംഗിച്ചു. മാർച്ച് 15 മുതൽ ഏപ്രിൽ15 വരെ നടക്കുന്ന താലൂക്ക് തല ഹിന്ദു സമ്മേളനങ്ങളിലും അഭിഷേക തീർത്ഥം വിതരണം ചെയ്യും.

# ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണത്തിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ തയ്യാറാക്കും

**കൊച്ചി:** ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണത്തിനായി 3.70 കോടി രൂപയുടെ ട്രീറ്റ്മെന്റ് പ്ലാന്റുകൾ തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി.

തീരപ്രദേശങ്ങളിലെ മാലിന്യ സംസ്ക്കരണത്തിന് വാതിൽപ്പടി അജൈവമാലിന്യ ശേഖരണ സംവിധാനം നടപ്പാക്കുന്നുണ്ടെന്നും അതുവഴി പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർധന ഒരു പരിധിവരെ കുറയ്ക്കാനായെന്നും പിണറായി വിജയൻ പറഞ്ഞു.

ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ തള്ളുന്നത് ഗൗരവമായ കുറ്റകൃത്യമാണ്. ജലാശയങ്ങളെ മാലിന്യമുക്തമാക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്.

ആലപ്പുഴ ജില്ലയിൽ ഹൗസ് ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ അശാസ്ത്രീയമായ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മുഖാമുഖത്തിൽ ആലപ്പുഴ റസിഡന്റ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി സൗമ്യ രാജ് ആവശ്യപ്പെട്ടിരുന്നു. അറബിക്കടലും വേമ്പനാട്ടു കായലും നിരവധി ഇടത്തോടുകളും കൊണ്ട് സമ്പന്നമായ ആലപ്പുഴ ജില്ലയിലെ കൂടുതൽ വിനോദ സൗഹൃദമാക്കണമെന്നും സൗമ്യ രാജ് പറഞ്ഞു.

# സമൃദ്ധി കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്തു

**തൃശൂർ:** അവണൂർ ഗ്രാമപഞ്ചായത്തിലെ വെള്ളപ്പായ ഒ.പി പരിസരത്ത് ആരംഭിച്ച സമൃദ്ധി കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണി നിർവ്വഹിച്ചു. 14.35 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായതോടെ ഗവ. മെഡിക്കൽ കോളേജ് ആശുപത്രി വളപ്പായ ഒ.പി ബ്ലോക്കിന് സമീപത്തുള്ള മൂന്നാം വാർഡ് നിവാസികളുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായി.

ചടങ്ങിൽ അവണൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ തോംസൺ തലക്കോടൻ അധ്യക്ഷനായി. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ.കെ രാധാകൃഷണൻ, പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് അംഗം പി.വി ബിജു, വാർഡ് മെമ്പർമാരായ സുരേഷ് അവണൂർ, ഐ.ആർ മണികണ്ഠൻ, ജിഷ പ്രദീപ്, പി.എസ് കൃഷണകുമാരി, സി.ബി സജീവൻ, കുടിവെള്ള ഗുണഭോക്തൃ കമ്മിറ്റി ചെയർമാൻ വി. രാമകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.




# ദുബായ് ഔട്ട്ലെറ്റ് മാളിൽ ലുലു ഹൈപ്പർ മാർക്കറ്റ്

**ദുബായ്:** ലുലു ഗ്രൂപ്പിന്റെ പുതിയ ഹൈപ്പർ മാർക്കറ്റ് ദുബായ് ഔട്ട്ലെറ്റ് മാളിൽ പ്രവർത്തനമാരംഭിച്ചു. ദുബായ് അൽ ഐൻ പാതക്കരികിൽ ഔട്ട്ലെറ്റ് മാളിന്റെ പുതിയ എക്സറ്റൻഷനിലാണ് അത്യാധുനിക സൗകര്യങ്ങളോടെ, പുതിയ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുന്ന ഹൈപ്പർ മാർക്കറ്റ്.

ദുബായ് ഔട്ട്ലെറ്റ് മാൾ ചെയർമാൻ നാസർ ഖംസ് അൽ യമ്മാഹി, ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി തുടങ്ങിയവരുടെ സാന്നിധ്യത്തിൽയു എ ഇ സാമ്പത്തിക വകുപ്പ് മന്ത്രി അബ്ദുള്ള ബിൻ തൗക് അൽ മാരി ഹൈപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

97,000 ചതുരശ്രയടി വിസ്തൃതിയുള്ള ഹൈപ്പർമാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങൾ, ഇലക്ട്രോണിക്സ്, ഹോം അപ്ലയൻസ് വിഭാഗമായ ലുലു കണക്ട്, പച്ചക്കറി, പഴ വർഗങ്ങൾ, ലുലു കിച്ചൻ എന്നീ വിഭാഗങ്ങൾ ഉണ്ട്.

ദുബായിലെ പ്രമുഖ ഷോപ്പിംഗ് കേന്ദ്രമായ ഔട്ട്ലെറ്റ് മാളിൽ ലുലു ഹൈപ്പർമാർക്കറ്റ് പ്രവർത്തനം തുടങ്ങുന്നതിൽ അഭിമാനമുണ്ടെന്ന് എം എ യൂസഫലി പറഞ്ഞു. മുന്നൂറ് ഹൈപ്പർമാർകറ്റുകൾ എന്ന ലക്ഷ്യത്തിലേക്ക് ലുലു അതിവേഗം മുന്നേറുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിൽ ഉൾപ്പടെ ലുലുവിന്റെ സാന്നിധ്യം കൂടുതൽ വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം അറിയിച്ചു. കർഷകർക്ക് കൂടി ഗുണം കിട്ടുന്ന രീതിയിലാണ് ഭക്ഷ്യ സംസ്കരണ കേന്ദ്രം ഉൾപ്പടെയുള്ള മേഖലകളിൽ ലുലു സജീവമാകുന്നതെന്നും അദ്ദേഹം ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

റമദാൻ മാസത്തോടനുബന്ധിച്ച് ലുലു റമദാൻ കിറ്റും ഉത്ഘാടനത്തോടനുബന്ധിച്ച് അവതരിപ്പിച്ചു. എല്ലാ ലുലു സ്റ്റോറുകളിലും റമദാൻ കിറ്റുകൾ ലഭിക്കും. 12 ഉൽപ്പന്നങ്ങൾ അടങ്ങിയ കിറ്റിന് 85 ദിർഹവും, 20 ഉൽപ്പന്നങ്ങൾ അടങ്ങിയ കിറ്റിന് 120 ദിർഹവുമാണ് വില.

ലുലു ഗ്രൂപ്പ് സി ഇ ഒ സൈഫി രൂപാവാല, എക്സിക്യൂട്ടിവ് ഡയറക്ടർ എം എ അഷ്റഫ് അലി, ലുലു ഗ്രൂപ്പ് ഡയറക്ടർ എം എ സലിം എന്നിവരും സംബന്ധിച്ചു.

ലോകത്തിന്റെ വിവിധ ആഡംബര ബ്രാൻഡുകൾ ആകർഷകമായ വിലയ്ക്കും മികച്ച വിലക്കിഴിവോടെയും ലഭ്യമാകുന്ന ദുബായിലെ പ്രമുഖ ഷോപ്പിങ് കേന്ദ്രമാണ് ദുബായ് ഔട്ട് ലെറ്റ് മാൾ. അറുനൂറിലധികം വിവിധങ്ങളായ ബ്രാൻഡുകളുള്ള മാളിൽ ആറായിരത്തിലധികം വാഹനങ്ങൾക്ക് പാർക്കിങ് സൗകര്യവ്യമുണ്ട്.

# കന്നുകാലിത്തീറ്റയ്ക്ക് നട്ടു നനയ്ക്കാം മുരിങ്ങ

പാൽ ഉത്പാദനം വർധിപ്പിക്കാനും തീറ്റച്ചെലവ് കുറച്ചു കന്നുകാലി വളർത്തൽ ആദായകരമാക്കാനും ആടുമാടുകളുടെ തൂക്കം ദിനംപ്രതി വർധിപ്പിക്കാനും മുരിങ്ങ ഉത്തമം.

മുരിങ്ങയിലയും തണ്ടും കാലിത്തീറ്റയായി ഉപയോഗിച്ചാൽ 32 ശതമാനം തൂക്കവും 43 65ശതമാനം പാൽ ഉത്പാദനവും വർധിപ്പിക്കാൻ കഴിയുമെന്ന് ട്രീസ് ഫോർ ലൈഫ് എന്ന സംഘടന നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

ഒരു ഹെക്ടറിൽ നിന്നു 650 മെട്രിക് ടൺ പച്ച മുരിങ്ങ കാലിത്തീറ്റയും ഉണക്കുന്പോൾ 130 മെട്രിക് ടണ്ണും ലഭിക്കും.

മുരിങ്ങ കൃഷിക്ക് 25 ഡിഗ്രി മുതൽ 48 ഡിഗ്രി വരെ ചൂടുള്ള കാലാവസ്ഥയാണ് അനുയോജ്യം. വെള്ളം കെട്ടി നിൽക്കാത്തതും നേരിട്ടു സൂര്യപ്രകാശം ലഭിക്കുന്നതുമായ സ്ഥലത്താണു കൃഷിയിറക്കേണ്ടത്.



800 മില്ലി മീറ്ററിൽ താഴെ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യമുണ്ടായിരിക്കണം. എന്നാൽ, വർഷത്തിൽ 250 മി.മീ മുതൽ 3000 മി.മീ വരെ മഴ ലഭിക്കുന്ന പ്രദേശങ്ങ ളിൽ ജലസേചന സൗകര്യം ഒരുക്കേണ്ടതില്ല.

PH 6.3 മുതൽ 7.0 വരെയുള്ള എല്ലാത്തരം മണ്ണിലും മുരിങ്ങ കൃഷി ചെയ്യാം. pkm1, pkm2 ഇനങ്ങളിൽപ്പെട്ട മുരിങ്ങകളാണ് കന്നുകാലി തീറ്റ ഉത്പാദനത്തിന് അനുയോജ്യം.

ഒരേക്കർ സ്ഥലത്തു കൃഷി ചെയ്യാൻ 15 കിലോ വിത്ത് വേണം (ഹെക്ടറിൽ 40 കിലോ) ഒരു കിലോയിൽ 4000 വിത്തുകൾ ഉണ്ടാവും. നടുന്നതിനു മുന്പ് വിത്തുകൾ 10 12 മണിക്കൂർ വെള്ളത്തിൽ കുതിർത്തു വയ്ക്കണം.

മണ്ണിൽ രണ്ട് സെൻറിമീറ്റർ താഴ്ത്തി വേണം നടാൻ. ഒരു കുഴിയിൽ രണ്ട് വിത്തു നടാം. രണ്ടും കിളിർത്താൽ ഒന്നു പിഴുതെ ടുത്തു കിളിർക്കാത്ത കുഴിയിലേക്കു മാറ്റാം. നട്ടു 12 15 ദിവസത്തിനുള്ളിൽ കിളിർത്തു തുടങ്ങും.

ചെടികൾ തമ്മിലും വരികൾ തമ്മിലും ഒരടി അകലം വേണം. ഒരേക്കർ സ്ഥലത്ത് 40000 തൈകൾ വളർത്താം. ജലസേചന സൗകര്യമുണ്ടെങ്കിൽ വർഷത്തിൽ എല്ലാ സമയത്തും മുരിങ്ങ കൃഷി ചെയ്യാം.

കൃഷി തുടങ്ങി തൊണ്ണൂറാം ദിവസം ആദ്യ വിളവെടുപ്പ് നടത്താം. തുടർന്ന് ഓരോ 45 ദിവസം കൂടുന്പോഴും വിളവെടുക്കാം. കടുത്ത വേനലിൽ ആഴ്ചയിൽ ഒരിക്കൽ നന്നായി നനച്ചു കൊടുത്താൽ നല്ല വിളവ് ലഭിക്കും.

ഒരിക്കൽ കൃഷി ചെയ്യുന്ന മുരിങ്ങയിൽ നിന്നും 8 10 വർഷം വരെ വിളവ് കിട്ടും. ഭൂനിരപ്പിൽ നിന്ന് ഒരടി മുകളിൽ വച്ച് ഇലയും തണ്ടും മുറിച്ചെടുക്കാം. തുടർന്നു കട്ടർ ഉപയോഗിച്ചു ഇലയും തണ്ടും ചെറു കഷ്ണങ്ങളാക്കി ഉണക്കി കന്നുകാലികൾക്കു തീറ്റയായി നൽകാം.

ഒരു വർഷത്തിൽ ആറ് തവണ ഇലയും തണ്ടും വിളവെടുക്കാം. ഉണങ്ങിയ ഇലയും തണ്ടും കന്നുകാലി പെല്ലറ്റ് ഉത്പാദനത്തിനു വൻ തോതിൽ ഉപയോഗിച്ച് വരുന്നു. ഇതു കന്നുകാലികൾക്കും ആട്, പന്നി, മുയൽ, മത്സ്യം, കോഴി, താറാവ്, മറ്റു വളർത്തു പക്ഷികൾക്കും നൽകി വരുന്നു.

വീടുകളിൽ ചെറിയ പെല്ലെറ്റ് റൈസിംഗ് മെഷീൻ ഉപയോഗിച്ച് മുരിങ്ങ പെല്ലറ്റ് ഉത്പാദിപ്പിക്കാം. ഒരേക്കർ സ്ഥലത്ത് മുരിങ്ങ കൃഷി ചെയ്യാൻ 3,65,890 രൂപയോളം ചെലവ് വരും.

# കുത്തരിക്ക് വൻ ഡിമാൻഡ്

ഓരോ വിളവെടുപ്പ് കഴിയുന്പോഴും കേരളത്തിലെ നെൽക്കർഷകർ കടത്തിൽ നിന്നു കടക്കെണിയിലേക്കു വീഴുകയാണ്. അശാസ്ത്രീയമായ സംഭരണ രീതിയും വിൽക്കുന്ന നെല്ലിൻറെ വില സമയത്ത് കിട്ടാത്തതും വർധിച്ചുവരുന്ന പരിപാലനച്ചെലവുമൊക്കെയാണ് അതിനു കാരണം.



ഒരുവശത്ത് നെല്ല് ഉത്പാദകരായ കർഷകർക്കു ദുരിതം മാത്രമാണു മിച്ചം കിട്ടുന്നതെങ്കിലും മറുവശത്ത് അവർ ഉത്പാദിപ്പിക്കുന്ന അരിക്ക് വൻ ഡിമാൻഡാണ്. ആരൊക്കെ എന്തൊക്കെ പകരം ഭക്ഷണം നിർദേശിച്ചാലും അരിയാഹാരം കഴിക്കാതെ മലയാളിക്ക് ജീവിക്കാനാവില്ല എന്നതു തന്നെ അതിനു കാരണം.

നെല്ലിന് വിലയില്ലങ്കിലെന്താ, അത് അരിയായി പായ്ക്കറ്റിലെത്തുന്പോൾ കിലോയ്ക്ക് 55 മുതൽ 65 രൂപവരെ കൊടുക്കണം. ഇത്തരം സാഹചര്യത്തിൽ കർഷകർ ഒന്നു മാറി ചിന്തിച്ചാൽ, കൃഷിയിൽ നിന്നു വൻനേട്ടമുണ്ടാക്കാനാകും എന്ന കാര്യത്തിൽ സംശയം വേണ്ട.

മറ്റുള്ളവരുടെ കനിവിന് കാത്തു നിൽക്കാതെ, തങ്ങൾ രക്തം വിയർപ്പാക്കി വിളയിച്ചെടുത്ത നെല്ലിന് മികച്ച വില ലഭ്യമാകുന്ന സാഹചര്യം അവർ ബോധപൂർവം സൃഷ്ടിച്ചെടുക്കണമെന്നു മാത്രം.

മൂന്നു നാല് പതിറ്റാണ്ട് മുന്പുവരെ വളരെ വിജയകരമായി നാട്ടിൻപുറങ്ങളിൽ ചെയ്തു വന്നിരുന്ന നെല്ല് പുഴുക്കിലേക്കു ചെറിയ മാറ്റങ്ങളോടെ കർഷകർ മടങ്ങിപ്പോയാൽ നെല്ലിനു ന്യായമായ വില കിട്ടുമെന്നു മാത്രമല്ല, കർഷകരോടു ചേർന്നു നിൽക്കുന്ന തൊഴിലാളികൾക്കു കൂടുതൽ തൊഴിലും ലഭ്യമാകും.

അതായത് നെല്ല് പുഴുങ്ങി കുത്തി അരിയാക്കി വിൽക്കുന്ന പഴയ രീതിയിലേക്കുള്ള മടങ്ങിപ്പോക്കാണത്. ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങുന്നതുമായിരുന്നു പഴയ കാലത്ത് നിലവിലുണ്ടായിരുന്ന നെല്ല് പുഴുങ്ങി കുത്തുന്ന സന്പ്രദായം.

ഒരു ക്വിൻറൽ നെല്ല് പുഴുങ്ങി ഉണങ്ങി കുത്തിയെടുത്താൽ 60 മുതൽ 65 കിലോ വരെ അരി കിട്ടും. യന്ത്രങ്ങളിൽ പുഴുങ്ങി കുത്തിയെടുക്കുന്നതിനേക്കാൾ ഗുണമേന്മയുള്ള കുത്തരി ലഭിക്കുന്പോൾ 65 ഉം 70 ഉം രുപ കൊടുത്ത് വാങ്ങാൻ ആളുകളെത്തും.

ഒരു ക്വിൻറൽ നെല്ലിന് 2800 രൂപയാണ് ഇപ്പോൾ വില. വാര്, ചുമട്ട് കൂലി ഇനത്തിൽ 200 രൂപ കർഷകൻ നൽകേണ്ടി വരും. ചുരുക്കത്തിൽ ഒരു ക്വിൻറൽ നെല്ലിന് കർഷകന് കിട്ടുന്നത് 2600 രൂപ.

നിലവിലെ മാർക്കറ്റ് വിലയിൽ ഒരു ക്വിൻറൽ നെല്ലിൽ നിന്നു പുഴുങ്ങി കുത്തി എടുക്കാവുന്ന അരിയുടെ ഏറ്റവും കുറഞ്ഞ അളവ് 60 കിലോ എന്നു കണക്കാക്കി കുറഞ്ഞ വില വച്ച് കൂട്ടിയാൽ (60 : 55) പോലും 3300 രൂപ ലഭിക്കും.

അതായത് ഒരു ക്വിൻറൽ നെല്ലിൽ നിന്ന് നിലവിലുള്ള വിലയേക്കാൾ 700 മുതൽ 1300 രൂപ വരെ കൂടുതൽ നേടാം. അതോടൊപ്പം കുറച്ച് തൊഴിൽ ദിനങ്ങളും. വിളവെടുപ്പിനുശേഷം നെൽക്കർഷകർ ചെറിയ ഗ്രൂപ്പുകൾ രൂപീകരിച്ച് ചെറിയ നെല്ല് പുഴുക്ക് യൂണിറ്റുകൾ രൂപീകരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

ഇതിനുവേണ്ടി വരുന്ന മൊത്തം ചെലവ് ക്വിൻറലിന് 100 മുതൽ 150 രൂപ മാത്രമായിരിക്കും. അതായത് ചെലവ് കിഴിച്ച് ഒരു ക്വിൻറൽ നെല്ലിന് 500 മുതൽ 1200 രൂപ വരെ കൂടുതൽ. ഒപ്പം നിരവധി തൊഴിൽ ദിനങ്ങളും. കൃഷിക്കാലം കഴിഞ്ഞ് തൊഴിൽ ഇല്ലാതെ ഇരിക്കുന്നവർക്കും ഇതിൻറെ പ്രയോജനം ലഭിക്കും.

നൂറ് ഏക്കർ വരുന്ന പാടശേഖരത്തിൽ നിന്നു ഒരു കൃഷിയിൽ 2000 മുതൽ 3000 ക്വിൻറൽ വരെ വിളവ് ലഭിക്കും. അവിടുത്തെ കർഷകർ സംഘടിച്ചു നാല് നെല്ല് പുഴുക്ക് യൂണിറ്റ് ആരംഭിച്ചാൽ ദിവസേന അഞ്ചോ ആറോ ക്വിൻറൽ നെല്ല് വീതം പുഴുങ്ങി ഉണങ്ങി കുത്താൻ കഴിയും.

ഇങ്ങനെ ആഴ്ചയിൽ അഞ്ച് ദിവസം പുഴുങ്ങി ഉണക്കിയെടുക്കുന്ന നെല്ല്, തീർത്തും അന്യം പോയിട്ടില്ലാത്ത ചെറു മില്ലുകളിൽ കുത്തിയെടുത്ത് നല്ല വിലയ്ക്ക് വില്ക്കാൻ പറ്റും. ചെന്പിനും ചൂളയ്ക്കും പായ്ക്കും മറ്റ് സാമഗ്രികൾക്കുമായി യൂണിറ്റൊന്നിന് 25000 30000 രൂപ മുതൽ മുടക്ക് വരും.

ഇങ്ങനെ കുത്തിയെടുക്കുന്ന അരി നല്ലൊരു ബ്രാൻഡ് നെയിമിൽ വിപണിയിലെത്തിച്ചാൽ അത് ചൂടപ്പം പോലെ വിറ്റുപോകും. വിറ്റ നെല്ലിൻറെ വിലയ്ക്കുവേണ്ടി പിആർഎസുമായി ബാങ്കുകൾ കയറിയിറങ്ങുകയും വേണ്ട.

ക്ഷീരകർഷകരുടെ ചെറുസംഘങ്ങൾ പോലെ, ഓരോ പ്രദേശത്തും നെല്ല് പുഴുങ്ങിക്കുത്ത് സംഘങ്ങൾ ഉണ്ടാകുന്നതുവഴി നിരവധിപ്പേർക്കു സ്ഥിര തൊഴിലും കിട്ടും.

ഏതെങ്കിലും സർക്കാരിതര സംഘടനകൾ ഇവർക്ക് പ്രോത്സാഹനവും ബാങ്ക് വായ്പയും സംഘടിപ്പിച്ചു നൽകിയാൽ ഒരിക്കലും നഷ്ടം വരാതെ മുന്നോട്ടു കൊണ്ടുപോകാൻ പറ്റുന്ന സംരംഭമായി ഇതു മാറുകയും ചെയ്യും.

നെല്ല് പുഴുങ്ങി കുത്തി അരിയാക്കി വിൽക്കുന്നതു വരെയുള്ള ചെലവുകൾ, കൂലി തുടങ്ങിയവ കിഴിച്ചാലും കിലോയ്ക്ക് 7 രൂപയ്ക്ക് മുകളിൽ ലാഭം ലഭിക്കും. വേണ്ടവിധം ബ്രാൻഡ് ചെയ്യപ്പെട്ടാൽ അതിനു മുകളിലും വില ലഭിക്കും.

അയൽക്കൂട്ട മാതൃകയിൽ നെല്ല് പുഴുക്ക് ആരംഭിച്ചാൽ കൂടുതൽ ലാഭകരവും ഗുണകരവുമാകും. ഒപ്പം ചെറുകിട മില്ലുകൾ വളർന്നു വരുകയും ചെയ്യും.

സംഭരണത്തിനായി ഏജൻസി കളു ടേയും മില്ലുകളുടേയും പിന്നാലെ പായുന്നതിനു പകരം സൗകര്യപ്രദമായ സ്ഥലങ്ങളിൽ നെല്ല് സംഭരിച്ചു പുഴുങ്ങി കുത്തുന്നവർക്ക് നൽകുന്ന രീതി സ്വീകരിക്കണം.

അരിയാക്കി വിറ്റ് കർഷകർക്ക് പണം എത്രയും വേഗം നൽകുകയും ചെയ്യാം. പരീക്ഷണ അടിസ്ഥാനത്തിൽ ഓരോ കൃഷിഭവൻറെയും പരിധിയിൽ ഇങ്ങനെയുള്ള ഗ്രൂപ്പുകൾ ആരംഭിച്ചാൽ അതൊരു പുതിയ മുന്നേറ്റമായി മാറി യേക്കാം.



# കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെ കീഴടക്കി അഹമ്മദാബാദ് ഡിഫൻഡേഴ്സ്

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 മൂന്നാം സീസണിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സ് ഒന്നാംസ്ഥാനത്ത് തിരിച്ചെത്തി. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെ തോൽപ്പിച്ചു. സ്കോർ: 15,9, 6,15, 15,11, 15,7. നന്ദഗോപാലാണ് കളിയിലെ താരം.

കൊച്ചിയുടെ പിഴവുകളിലൂടെയായിരുന്നു അഹമ്മദാബാദ് തുടക്കത്തിൽ പോയിന്റുകൾനേടിയത്. എന്നാൽ അതോസ് നയിച്ച മൂന്നംഗ പ്രതിരോധം നന്ദഗോപാലിനെ തടഞ്ഞതോടെ കൊച്ചിയിലെ കളിയിലേക്കെത്തി. മാക്സ് സെനികയുടെ ആക്രമണം അഹമ്മദാബാദിനെ സഹായിച്ചു. പക്ഷേ, എറിൻ വർഗീസിന്റെ സ്പൈക്കുകൾ കളി സന്തുലിതമാക്കി. ശിഖർ സിങ് കരുത്തുറ്റ ബ്ലോക്കുകളിലൂടെ സെലക്ഷൻ തീരുമാനത്തെ ന്യായീകരിക്കുന്ന പ്രകടനം പുറത്തെടുത്തു. നന്ദയുടെ ആക്രണാത്മക സെർവുകൾ കളി അഹമ്മദാബാദിന് അനുകൂലമാക്കി.

അമിത് കുമാറും ജിബിൻ സെബാസ്റ്റ്യനും കൊച്ചിയുടെ ആക്രമണനിരയ്ക്ക് ഊർജം പകർന്നു. അതേസമയം അഹമ്മദാബാദ് ഒരുവശത്തുനിന്ന് ആക്രമണം തുടർന്നുകൊണ്ടിരുന്നു. അഹമ്മദാബാദിന്റെ പ്രതിരോധപ്പിഴവുകൾ മുതലെടുത്തു കൊച്ചി ഒപ്പമെത്താൻ ശ്രമിച്ചു. കളിക്കാർ തമ്മിലുള്ള ആശയവിനിമയത്തിലുണ്ടായ പിഴവുകൾ അഹമ്മദാബാദിന്റെ സൂപ്പർ പോയിന്റ് നഷ്ടപ്പെടുത്തി. കൊച്ചി കളിഗതി പിടിച്ചു.

നന്ദയുടെയും മാക്സിന്റെയും ഷോട്ടുകൾ കൃത്യമായി അതോസ് തടഞ്ഞു. ജിബിന്റെ മിന്നുന്ന സ്പൈക്കുകൾ കൊച്ചിയെ സഹായിച്ചു. ഷോൺ ടി ജോൺ കാലുറപ്പിച്ചതോടെ അഹമ്മദാബാദ് കളംനിറഞ്ഞു. ജിബിന്റെ ആക്രമണം തടയാൻ കോച്ച് ഡ്രാഗൺ മിഹയ്ലോവിച്ച് തന്ത്രം ആവിഷ്കരിച്ചതോടെ കൊച്ചി മുന്നേറ്റക്കാർക്ക് അനായാസം ഷോട്ടുകൾ തൊടുക്കാൻ സാധിച്ചില്ല. ഷോണിന്റെ കൗശലപരമായ സ്പൈക്കുകൾ അഹമ്മദാബാദിനെ ഉയർത്തി. മിന്നുന്ന സെർവുകളുമായി സന്തോഷ് അഹമ്മദാബാദിന് നിർണായക ജയമൊരുക്കി.

കൊച്ചിയുടെ തുടർച്ചയായ ആറാം തോൽവിയാണിത്. ഇന്ന് രണ്ട് മത്സരങ്ങളാണ്. വൈകിട്ട് 6.30ന് ഹൈദരാബാദ് ബ്ലാക്ക്ഹോക്സ് ബംഗളൂരു ടോർപിഡോസിനെയും രാത്രി 8.30ന് മുംബൈ മിറ്റിയോഴ്സ് ചെന്നൈ ബ്ലിറ്റ്സിനെയും നേരിടും. ത്സരങ്ങൾ സോണി സ്പോർട്സ് നെറ്റ്വർക്കിലും സോണി ലിവിലും തത്സമയം കാണാം.

# അന്തർദേശീയ സെമിനാർ സമാപിച്ചു

**ഇരിങ്ങാലക്കുട:** സെൻറ് ജോസഫ്സ് കോളജ് സോഷ്യൽവർക്ക് ഡിപ്പാർട്ട്മെൻറും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെൻറ് അഥോറിറ്റിയും റോഡ്സ് യൂണിവേഴ്സിറ്റി മക്കണ്ട, സൗത്ത് ആഫ്രിക്കയുമായി സഹകരിച്ച് ഡിസാസ്റ്റർ മാനേജ്മെൻറ് എന്ന വിഷയത്തിൽ നടത്തിയ ദ്വിദിന അന്തർദേശീയ സെമിനാർ സമാപിച്ചു.

കില ഡയറക്ടർ ഡോ. ജോയ് ഇളമൻ മുഖ്യാതിഥിയായിരുന്നു. കില ഡിസാസ്റ്റർ റിസ്ക് മാനേജ്മെൻറ് വിദഗ്ധൻ ഡോ. എസ്. ശ്രീകുമാർ, തിരുവനന്തപുരം ലയോള കോളജ് ദുരന്ത നിവാരണ വിഭാഗം അസോസിയേറ്റ് പ്രഫ. ഡോ. ജ്യോതി കൃഷ്ണൻ, കെഎസ്ഡിഎംഎ ഹസാർഡ് അനലിസ്റ്റ് സുസ്മി സണ്ണി, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് സസ്റ്റെയിനെബിൾ ബാങ്കിംഗ് വിഭാഗം മേധാവിയും വൈസ് പ്രസിഡൻറുമായ റെജി കെ. ഡാനിയൽ, ഡെറാഡൂണിൽ നിന്ന് ഡിസാസ്റ്റർ മാനേജ്മെൻറ് വിദഗ്ധൻ റോയ് അലക്സ്, പരിസ്ഥിതി ഫോട്ടോ ജേർണലിസ്റ്റ് ശൈലേന്ദ്ര യശ്വന്ത് എന്നിവരുടെ നേതൃത്വത്തിൽ ടെക്നിക്കൽ സെഷൻസ് നടത്തപ്പെട്ടു.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് സ്ഥാപകനും ഡയറക്ടറുമായ മാനേജർ പോൾ തോമസിന് ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് നൽകി ആദരിച്ചു.

സെൻറ് ജോസഫ്സ് കോളജ് ഡിസാസ്റ്റർ മാനേജ്മെനൻറ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്നും സെൻറ് ജോസഫ്സ് കോളജ് ഗ്ലോ ബൽ പീസ് കോർപ്സും ഡിസാസ്റ്റർ മാനേജ്മെൻറ് ടാസ്ക് ഫോഴ്സും കോളജ് വോളൻറിയേഴ്സിനായി ഏപ്രിൽ, മേയ് മാസങ്ങളിൽ ട്രെയിനിംഗ് പ്രോഗ്രാം നടക്കു മെന്നും സോഷ്യൽവർക്ക് ഡിപ്പാർട്ട്മെൻറ് മേധാവി സിസ്റ്റർ ഡോ. ജെ സിൻ സമാപനച്ചടങ്ങിൽ അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

# സുവോളജിക്കൽ പാർക്ക്: നിർമാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കും

**പുത്തൂർ:** സുവോളജിക്കൽ പാർക്കിൻറെ നിർമാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുമെന്ന് സുവോളജിക്കൽ പാർക്ക് ഡയറക്ടർ കീർത്തി ഐഎഫ്എസ്. ഇത് സംബന്ധിച്ച് യാതൊരു ആശങ്കയ്ക്കും വകയില്ലെന്നു പാർക്ക് ഡയറക്ടർ പറഞ്ഞു. സെൻട്രൽ പിഡബ്ല്യുഡിപ്പാർട്ട്മെൻറിനാണ് നിർമാണ ചുമതല.

നിലവിൽ കരാറുകാർ തമ്മിൽ തർക്കങ്ങൾ ഉള്ളതായി അറിയില്ലെന്നും അവർ പറഞ്ഞു. മൂന്ന് ഘട്ടങ്ങളിലായാണ് നിർമാണ പ്രവൃത്തികൾ നടക്കുന്നത്. ആദ്യ ഘട്ട നിർമാണ പ്രവൃത്തികൾ പൂർത്തിയായി. രണ്ടാം ഘട്ടത്തിലുള്ള മാനുകളുടെ കൂടുകളുടെ നിർമാണ പ്രവൃത്തികൾ പൂർത്തിയായി.

ചീങ്കണികളുടെ ഫിൽട്ടറേഷൻ യൂണിറ്റ് സ്ഥാപിക്കലും, കരടികളുടെ കൂടുകളുടെ നിർമാണവും, വിവിധതരം കാട്ട് നായ്കളുടെ കൂടുകളുടെ നിർമാണവും ഇനി പൂർത്തിയാകാനുണ്ട്. പുൽമൈതാനത്തിൻറെ പണികളും ഇനി പൂർത്തിയാകാനുണ്ട്.

സെപ്റ്റംബറിൽ തന്നെ പണികൾ പൂർത്തിയാക്കി ഡിസംബറിൽ സുവോളജിക്കൽ പാർക്ക് തുറക്കാനാകുമെന്ന് അധികൃതർ വ്യക്തമാക്കി. ഈ മാസം 15ഓടെ തൃശൂർ മൃഗശാലയിൽനിന്ന് മാനുകളെ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റും.

സുവോളജിക്കൽ പാർക്കിലെ ഐസലേഷൻ കൂട്ടിൽ കഴിയുന്ന വൈഗ, ദുർഗ ഉൾപ്പെടെയുള്ള കടുവകളെ ഐസലേഷൻ കൂട്ടിൽനിന്ന് മാറ്റുന്നതിനായി സെൻട്രൽ സൂ അഥോറിറ്റിയുടെ അനുമതി തേടി സുവോളജിക്കൽ പാർക്ക് ഡയറക്ടർ കത്തയച്ചു.

നാഷണൽ ടൈഗർ കൺസർവേറ്ററുടെ അനുമതി തേടി വനം വകുപ്പും കത്തയച്ചു. കഴിഞ്ഞ ഏപ്രിലിൽ ആണ് വൈഗ, ദുർഗ കടുവകളെ സുവോളജിക്കൽ പാർക്കിൽ എത്തിച്ചത്.